ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# നമ്മുടെ സമ്പാദ്യം ഹലാലാണോ?

عَنْ أَبِي هُرَيْرَةَ رضى الله عنه أَنَّ رَسُول صَلّى الله عليه وسلم قَالَ: يَأْتِي عَلَى النَّاسِ زَمَانٌ،
لاَ يُبَالِي الْمَرْءُ مَا أَخَذَ مِنْهُ أَمِنَ الْحَلاَلِ أَمْ مِنَ الْحَرَامِ (بُخَارِى)

**അബൂഹുറയ്റ(റ)യിൽനിന്ന്. നബി(സ) അരുളി: 'മനുഷ്യർക്ക് ഒരു കാലം വരും; അന്ന് ജനം തങ്ങൾ സമ്പാദിച്ചത് ഹലാലാണോ ഹറാമാണോ എന്ന് ശ്രദ്ധിക്കില്ല' (ബുഖാരി).**

വരുമാനത്തിന്റെ കാര്യത്തിൽ ഹറാമും ഹലാലും പരിഗണിക്കാതിരിക്കുന്നത് അതീവ ഗുരുതരമായ വീഴ്ചയാണെന്ന് ഓർമപ്പെടുത്തുകയാണ് ഈ നബിവചനം. ‘ഒരു കാലം വരും’ എന്നാരംഭിക്കുന്ന നബിവചനത്തോട് മുസ്‌ലിം ബഹുജനം വെച്ചുപുലർത്തുന്ന അപകടകരമായ ഒരു സമീപനമുണ്ട്; അന്ത്യനാളിന്റെ അടയാളമല്ലേ ഇപ്പറഞ്ഞത്, അപ്പോഴേക്കും അത് വന്നെത്തിയിട്ടുണ്ടാവുമല്ലോ. പിന്നെ എന്തു ചെയ്യാൻ? ഇങ്ങനെ പറഞ്ഞ് നിഷ്ക്രിയരായിരിക്കാൻ ഇത്തരം വചനങ്ങളെ അവർ മറയാക്കും.

ഇത്തരം അബദ്ധധാരണകൾ തിരുത്തിയേ മതിയാകൂ. അതിഭീകരമായ ധർമച്യുതിയുടെയും അരക്ഷിതാവസ്ഥയുടെയും കാലം വരും എന്ന പ്രവചനത്തിന്റെ ഉദ്ദേശ്യം, അത്തരം അവസ്ഥക്കാധാരമായ അധർമത്തെ സൂക്ഷിക്കണമെന്നും അതിനെ നേരിടാനാവശ്യമായ മുൻകരുതലെടുക്കണമെന്നുമാണ്. വരാൻ പോകുന്ന വിപത്തിനെ മനസ്സിലാക്കി അതിനെ നേരിടാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സത്യവിശ്വാസി സ്വയം മുന്നോട്ടു വരണം.

സാമ്പത്തികരംഗം അധർമത്തിന്റെ പിടിയിലമർന്നാലുള്ള ദുരന്തം അതിഭയാനകമാണ്. എവിടെനിന്നും ആരുടേതും എങ്ങനെയും കൈവശപ്പെടുത്താം എന്നു വരുന്നതോടെ എങ്ങും അരക്ഷിതാവസ്ഥ നടമാടും. കളവും കൊള്ളയും കൊലയും പെരുകും. ശാന്തമായി അന്തിയുറങ്ങാൻ പോലും കഴിയാത്ത ഭീകരാവസ്ഥ സംജാതമാവും. ഇതുപോലുള്ള ഇരുണ്ട യുഗത്തോട് പടവെട്ടിയാണ് പ്രവാചകൻ ആഗതനാവുന്നത്. അനുവദനീയമല്ലാത്ത യാതൊന്നും ഒരിക്കലും തന്റെ ഭക്ഷണത്തിലോ ഉപയോഗത്തിലോ സമ്പാദ്യത്തിലോ വരുമാനത്തിലോ ഉണ്ടായിക്കൂടാ എന്ന് തിരുദൂതന് നിർബന്ധമുണ്ടായിരുന്നു. ആ സൂക്ഷ്മത ഓരോ വിശ്വാസിക്കും വിശ്വാസിനിക്കും ഉണ്ടായേ തീരൂ. പ്രവാചകൻ(സ) അരുളി: ‘‘അല്ലാഹു പരിശുദ്ധനാണ്. പരിശുദ്ധമായതേ അവൻ സ്വീകരിക്കൂ. അല്ലാഹു പ്രവാചകന്മാരോടാജ്ഞാപിച്ച കാര്യം തന്നെ സത്യവിശ്വാസികളോടും ആജ്ഞാപിക്കുന്നു; ‘അവൻ പറഞ്ഞു: ദൂതന്മാരേ, നിങ്ങൾ പരിശുദ്ധമായത് ഭക്ഷിക്കുക, സൽകർമം പ്രവർത്തിക്കുകയും ചെയ്യുക. (സത്യവിശ്വാസികളോട്) അവൻ പറഞ്ഞു; സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ പരിശുദ്ധമായത് നിങ്ങൾ ഭക്ഷിക്കുക.’ തുടർന്ന് തിരുമേനി ദീർഘ യാത്ര ചെയ്തെത്തിയ ഒരു മനുഷ്യനെക്കുറിച്ച് പറഞ്ഞു. മുടി ജടപിടിച്ച് ശരീരത്തിൽ പൊടിപുരണ്ട അയാൾ തന്റെ ഇരുകരങ്ങളും ആകാശത്തേക്കുയർത്തി ‘രക്ഷിതാവേ! രക്ഷിതാവേ’ എന്നു വിളിക്കുന്നു. എന്നാൽ അയാളുടെ ഭക്ഷണം ഹറാമാണ്, പാനീയം ഹറാമാണ്, വസ്ത്രം ഹറാമാണ്. പിന്നെ എങ്ങനെയാണ് അയാളുടെ പ്രാർഥന സ്വീകരിക്കപ്പെടുക?’’ (മുസ്‌ലിം).

പ്രവാചകന്റെ അനുയായികൾ ഇക്കാര്യത്തിൽ ഏറെ ശ്രദ്ധാലുക്കളായിരുന്നു. തന്റെ ഭൃത്യൻ നൽകിയ ഭക്ഷണം ഹലാലാണെന്ന ധാരണയിൽ കഴിച്ച അബൂബക്ർ(റ) അത് ഹലാൽ ആയിരുന്നില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ ഉടനെ വായിൽ കൈയിട്ട് അത്രയും ഛർദിച്ചുകളയുകയുണ്ടായി. ഉമർ രണ്ടാമൻ ഖലീഫയായിരിക്കെ തന്റെ പേരക്കുട്ടി ബൈത്തുൽമാലിൽനിന്നുള്ള ഒരു പഴക്കഷ്ണം തിന്നുന്നത് കണ്ട് കുട്ടിയുടെ തൊണ്ടയിൽ കൈയിട്ട് അത് പുറത്തേക്കെടുത്തു കളഞ്ഞു.

നാം ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നുണ്ടോ? നിർബന്ധിതാവസ്ഥയുടെ മറവിൽ ഗുരുതരമായ ഭവിഷ്യത്തുകളെ ലാഘവത്തോടെ കാണുന്നുണ്ടോ? വിചാരണാനാളിൽ കാലിടറുമോ?